"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, തൂത്താല ഡോ.കെ.ബി മേനോൻ മെമ്മോറിയൽ എച്ച്.എസ്.എസ്-ലെ റിട്ട.പ്രഥമാദ്ധ്യാപിക ശ്രീമതി.സി.സക്കീന ഫയൽ ചെയ്ത WP(C)No.38954/2024 മേൽ ബഹു. ഹൈക്കോടതി യുടെ 05.11.2024 തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2982/2026/GEDN തീയതി,തിരുവനന്തപുരം, 30-04-2026

പരാമർശം:-

1. 13/7/23-ലെ സ.ഉ(സാധാ) 4111/23/പൊ.വി
2 തൂത്താല ഡോ.കെ.ബി മേനോൻ മെമ്മോറിയൽ എച്ച്.എസ്.എസ്-ലെ റിട്ട.പ്രഥമാദ്ധ്യാപിക ശ്രീമതി.സി.സക്കീന 30/10/2024 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P10).
3. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.38954/2024 മേലുള്ള 05/11/2024 തീയതി വിധിന്യായം.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/01/2025 തീയതിയിലെ ഡിഇഒഒടി പി / 15/ 2024 -ബി 2 നമ്പർ കത്ത്.
5. പാഠപുസ്തകഓഫീസറുടെ 01/02/2025 തീയതിയിലെ 270/2024/ടിബിഓ നമ്പർ കത്ത് .
6. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04/02/2025 തീയതിയിലെ DDEPKD/2635/2022-D6 നമ്പർ കത്ത്.
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2025 തീയതിയിലെ DGE/722/2025-VA5 നമ്പർ കത്ത്.
8 സ്കൂൾ ഹെഡ്മാസ്റ്ററുടെ 13/02/2025 തീയതിയിലെ കത്ത്

**ഉത്തരവ്**

പാലക്കാട്, തൂത്താല ഡോ.കെ.ബി മേനോൻ മെമ്മോറിയൽ എച്ച്.എസ്.എസ്-ലെ റിട്ട.പ്രഥമാദ്ധ്യാപിക ശ്രീമതി.സി.സക്കീന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)No.38954/2024-ൽ 5.11.2024-ലെ വിധിന്യായത്തിൽ "......The first respondent State of Kerala represented by the Secretary to Government ,General education department shall take up Exbt P10(representation dated 30/10/24 filed by the petitioner before the first respondent)and appropriate orders thereon shall be passed in accordance with law after hearing the petitioner,the Headmaster of the school and other affected parties if any.The

decision shall be taken within a period of four months from the date of receipt of a copy of the judgment"എന്ന് ഉത്തരവായിരുന്നു. അപ്രകാരം ഹർജിക്കാരിക്കും ബന്ധപ്പെട്ട കക്ഷികൾക്കും ഹിയറിങ് അനുവദിച്ചു.

2. തന്റെമേൽ ചുമത്തിയിരിക്കുന്ന ബാദ്ധ്യത തുക ഒഴിവാക്കി തനിക്കു എത്രയും വേഗം DCRG അനുവദിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കു നിർദേശം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ശ്രീമതി സക്കീന സർക്കാർ മുമ്പാകെ Exbt P10 നിവേദനം സമർപ്പിച്ചിരിക്കുന്നത്

3. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"തൃത്താല ഡോ.കെ.ബി മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഞാൻ പ്രധാനാദ്ധ്യാപികയായി സേവനമനുഷ്ഠിച്ച 2018-19, 2019-20 കാലഘട്ടത്തിൽ വിദ്യാലയത്തിൽ കോഴിക്കോട് മേഖല സൂപ്പർ ചെക്ക് സെൽ വിഭാഗം പരിശോധന നടത്തുകയുണ്ടായി. 2018-19 അദ്ധ്യയന വർഷത്തിൽ 31.1.2019-ന് ആകെ ഒരു തവണ മാത്രമാണ് വിദ്യാലയത്തിൽ പരിശോധന നടത്തിയത്. 2019-20 അദ്ധ്യയന വർഷത്തിൽ 28.11.2019 & 24.01.2020 എന്നീ രണ്ട് തീയതികളിലും വിദ്യാലയത്തിൽ സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തുകയുണ്ടായി. രണ്ടു തവണ പരിശോധനയിലും ഹാജരാകാത്ത കുട്ടികളെ ഒഴിവാക്കിയാണ് 2019-20 വർഷത്തിൽ തസ്തിക പുനർനിർണ്ണയിച്ചത്. എന്നാൽ 2018-19 അദ്ധ്യയന വർഷത്തിൽ ഒറ്റത്തവണ പരിശോധനയിൽ വരാത്ത കുട്ടികളെ ഒഴിവാക്കിയാണ് ആ വർഷത്തിൽ തസ്തിക പുനർനിർണ്ണയിച്ചത്.

ഒറ്റത്തവണ പരിശോധന നടത്തിയ ദിവസം സ്കൂളിൽ ഹാജരാകാതിരുന്ന കുട്ടികളെയും രക്ഷിതാവിന്റെ അപേക്ഷ പ്രകാരം ടി.സി വാങ്ങി മറ്റു സ്കൂളുകളിൽ ചേർന്നു പഠിക്കുന്ന കുട്ടികളെയും 15 ദിവസം തുടർച്ചയായി വരാത്തതിന്റെ കാരണത്താൽ റോളിൽ നിന്നും പേര് നീക്കം ചെയ്ത കുട്ടികളേയും വ്യാജ അഡ്മിഷൻ എന്ന ഗണത്തിൽ ഉൾപ്പെടുത്തി എണ്ണത്തിൽ കുറവ് വരുത്തി ആ വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിക്കുവാനും തൊട്ടടുത്ത 2019-20 വർഷത്തിലെ രണ്ടു ദിവസത്തെ പരിശോധനയിലും ഹാജരാകാതിരുന്ന കുട്ടികളെയും മേൽപ്പറഞ്ഞ പ്രകാരം TC issued/Removal കുട്ടികളെയും വ്യാജ അഡ്മിഷൻ എന്ന പേരിൽ എണ്ണത്തിൽ കുറവ് വരുത്തി തസ്തിക പുനർനിർണ്ണയിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർ 26.11.2024-ലെ കത്ത് പ്രകാരം ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയാണുണ്ടായത്.

ആയതിനെ അടിസ്ഥാനപ്പെടുത്തി തസ്തിക പുനർനിർണ്ണയത്തിനു ശേഷം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ മേൽപ്പറഞ്ഞ രണ്ടു വർഷങ്ങളിലെ ക്ലാസ്സ് അദ്ധ്യാപകർക്കും ആ കാലഘട്ടത്തിലെ പ്രധാന അദ്ധ്യാപികയായിരുന്ന എനിക്കും ബാധ്യത നിശ്ചയിച്ചുകൊണ്ട് 17.6.2023 തീയതിയിലെ B5/10661/2020 നമ്പർ കത്ത് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇക്കാരണത്താൽ തന്നെ എനിക്ക് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ നാലു വർഷത്തോളമായി തടഞ്ഞുവെക്കപ്പെട്ടിരിക്കുകയാണ്.

പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ എനിക്ക് നിശ്ചയിച്ച ബാധ്യത തുക താഴെ പറയുന്ന പ്രകാരമാണ്.

| Sl.No | ബാധ്യത നിശ്ചയിച്ച ഇനം | സംഖ്യ |
|---|---|---|
| 1 | ഉച്ചഭക്ഷണം | 7119 |
| 2 | സംരക്ഷിത അദ്ധ്യാപകർക്ക് നൽകിയ ശമ്പളം | 1639538 |
| 3 | സ്കോളർഷിപ്പ്, ഫ്രീ ബുക്ക്, യൂണീഫോം etc. | 23245 |
| 4 | പാഠപുസ്തക ബാദ്ധ്യത | 180309 |
| | ആകെ | 1850211 |

പരിശോധന ദിവസം സ്കൂളിൽ ഹാജരാകാതിരുന്ന കുട്ടികളുടെയും T.C.issued/Removal കുട്ടികളുടെയും നിജസ്ഥിതി സംബന്ധിച്ച് പ്രധാനാദ്ധ്യാപിക എന്ന നിലയ്ക്ക് ഞാനും വിദ്യാലയത്തിലെ മറ്റു ക്ലാസ്സ് അദ്ധ്യാപകരും രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടും കോവിഡ് മഹാമാരി മൂർച്ഛിച്ച് നിൽക്കുന്ന 2020 ഒക്ടോബർ മാസത്തിൽ ഓൺലൈനിൽ നടന്ന ഹിയറിംഗിൽ വിശദമായി ബോധിപ്പിച്ചിട്ടും യഥാർത്ഥ വസ്തുത കണക്കിലെടുക്കാതെ വ്യാജ അഡ്മിഷൻ എന്ന നിലപാട് തന്നെ സ്വീകരിച്ചുകൊണ്ട് ബാദ്ധ്യത നിശ്ചയിക്കുകയാണ് ഉണ്ടായത്.

പ്രധാനാദ്ധ്യാപിക എന്ന നിലയ്ക്ക് ഞാനോ വിദ്യാലയത്തിലെ മറ്റു ക്ലാസ്സ് അദ്ധ്യാപകരോ യാതൊരു വിധ ക്രമക്കേടോ വ്യാജ അഡ്മിഷനോ ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. നിർധനരായ കുടുംബത്തിലെ ഏതാനും കുട്ടികൾ യത്തീംഖാനയിൽ താമസിച്ച് ഈ സ്കൂളിൽ പഠിക്കുന്നവരുണ്ടായിരുന്നു. അവരിൽ ചില കുട്ടികൾക്ക് യാദൃശ്ചികമായി ഒരു ദിവസത്തെ പരിശോധന ദിവസം ഹാജരാകാൻ കഴിയാതെവന്നു. ആബ്സന്റ് ആയ കുട്ടികൾ മുഴുവൻ യത്തീംഖാനയിൽ നിന്ന് വരുന്നവരല്ല. യാദൃശ്ചികമായ പലകാരണങ്ങളാൽ കുട്ടികൾ മുടങ്ങുന്നത് സ്വാഭാവികം മാത്രമാണ്. സ്കൂളിൽ പരിശോധനാ ദിവസം ആബ്സന്റ് ആയ കുട്ടികൾ വാർഷിക പരീക്ഷകൾ/ എസ്.എസ്.എൽ.സി പരീക്ഷകൾ എഴുതിയ കുട്ടികൾ തന്നെയാണ്. ആബ്സന്റ് ആയതിന്റെ കാരണം അതാതു ക്ലാസ്സ് അദ്ധ്യാപകർ സൂപ്പർ ചെക്ക് സെൽ മുമ്പാകെ ബോധിപ്പിച്ചതുമാണ്. താമസസ്ഥലം മാറിപ്പോകുന്ന കാരണത്താൽ രക്ഷിതാവിന്റെ അപേക്ഷ പ്രകാരം മാത്രമാണ് ടി.സി നൽകിയത്. അതും തികച്ചും ചട്ടപ്രകാരം മാത്രമാണ്. ആയത് ഒരിക്കലും കൃത്രിമമല്ല. ഈ സത്യാവസ്ഥ മേലധികാരികൾ മുമ്പാകെ പലതവണ ബോധിപ്പിച്ചിട്ടും വ്യാജ അഡ്മിഷൻ നടത്തി എന്ന പരാമർശം ഖേദകരവും വസ്തുതാവിരുദ്ധവുമാണ്. മേൽ വിവരിച്ച സത്യാവസ്ഥ പരിഗണിച്ച് പ്രസ്തുത കുട്ടികൾക്ക് നൽകിയ സൗജന്യ പാഠപുസ്തകത്തിന്റെയും, യൂണിഫോമിന്റെയും, ഉച്ചഭക്ഷണത്തിന്റെയും തുക ബാദ്ധ്യതയായി നിശ്ചയിച്ചത് ഒഴിവാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

ബാദ്ധ്യത നിശ്ചയിച്ചതിൽ ഭീമമായ സംഖ്യ ചുമത്തപ്പെട്ടിരിക്കുന്ന മറ്റൊരു കാരണം താഴെ വിവരിക്കുന്നതാണ്. ആയതിന്റെ ഉത്തരവാദിത്വം പ്രധാന അദ്ധ്യാപികയുടെയോ ക്ലാസ്സ് അദ്ധ്യാപകരുടെയോ അധികാര പരിധിയിൽ വരുന്ന ഒന്നല്ല.

2018-19 വർഷത്തെ തസ്തിക പുനർനിർണ്ണയിച്ചുകൊണ്ട് ഉത്തരവ് നം.B2/2804/2020 തീയതി

8.12.2021 പ്രകാരം റിവൈസ് ചെയ്തു. 2018-19 വർഷത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ രണ്ട് തസ്തികയും യു.പി.എസ്.എ വിഭാഗത്തിൽ ഒരു തസ്തികയും കുറവ് വന്നെങ്കിലും ടി തസ്തികയിൽ അദ്ധ്യാപകരെ നിയമിക്കപ്പെടാത്തതിനാൽ ആരും തന്നെ പുറത്തു പോകേണ്ടി വന്നില്ല.

2019-20 വർഷത്തെ തസ്തിക പുനർനിർണ്ണയിച്ചുകൊണ്ട് ഉത്തരവ് നം.B2/46173/2019 തീയതി 12.12.2021 പ്രകാരം ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ പുനർനിർണ്ണയിച്ച ഉത്തരവായി. 2019-20 വർഷത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ രണ്ട് തസ്തികയും യു.പി.എസ്.എ വിഭാഗത്തിൽ ഒരു തസ്തികയും കുറവ് വന്നെങ്കിലും എച്ച്.എസ്.എ തസ്തികയിൽ അദ്ധ്യാപകരെ നിയമിക്കപ്പെടാത്തതിനാൽ ആരും തന്നെ പുറത്തു പോകേണ്ടി വന്നില്ല. യു.പി.എസ്.എ തസ്തികയിൽ നിയമിതയായ അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനാൽ അവർക്ക് ശമ്പളം നൽകിയിട്ടുമില്ല പക്ഷേ ഭാഷാവിഭാഗത്തിൽ ഒരു എച്ച്.എസ്.എ മലയാളം തസ്തികയും ഒരു എച്ച്.എസ്.എ ഹിന്ദി തസ്തികയും 2019-20 വർഷത്തിൽ കുറവ് വന്നതിന്റെ ഫലമായി ഭാഷാവിഭാഗത്തിൽ രണ്ട് അദ്ധ്യാപകരെ റിലീവ് ചെയ്യുവാൻ 2019-20-ലെ തസ്തിക പുനർനിർണ്ണയ ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് ശ്രീമതി.മിനി പടിക്കപ്പറമ്പിൽ (എച്ച്.എസ്.എ മലയാളം) ശ്രീമതി.ഇന്ദു.കെ.കെ (എച്ച്.എസ്.എ ഹിന്ദി) എന്നീ അദ്ധ്യാപകരെ റിലീവ് ചെയ്തു.

14.6.2017 മുതൽ മാനേജ്മെന്റ് തർക്കം മൂലം സ്കൂളിന്റെ മാനേജർ ചുമതല ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസറിൽ നിക്ഷിപ്തമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2024-ലെ SC/112/2019/KKD ഉത്തരവിൽ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകനെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 അനുസരിച്ച് സ്കൂളിൽ തന്നെ നിലനിർത്താൻ ഉത്തരവുണ്ടെങ്കിൽ അപ്രകാരം ഉത്തരവുകൾ ഡി.ഇ.ഒ ഇറക്കേണ്ടതാണ് എന്ന് സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം 1:40 അനുപാതം ഉണ്ടായിട്ടു കൂടി ആയത് നടപ്പിൽ വരുത്താതെ രണ്ടു ഭാഷാ അദ്ധ്യാപകരെ റിലീവ് ചെയ്യാനാണ് ഡി.ഇ.ഒ നിർദ്ദേശിച്ചത്. സ്കൂളിൽ മാനേജർ ഇല്ലാത്തതിനാലാണ് സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിക്കേണ്ടി വന്നത്. മാനേജരാൽ നിയമിക്കപ്പെട്ടവർ ആയിരുന്നുവെങ്കിൽ 1:40 അനുപാതപ്രകാരം സ്കൂളിൽ നിലനിർത്താമായിരുരുന്നു.

എയ്ഡഡ് സ്കൂൾ മാനേജരാൽ നിയമിക്കുന്ന അദ്ധ്യാപകരെ 1:40 അനുപാതത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ നിലനിർത്താൻ കഴിയുമെന്നും എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടർ പുനർവിന്യസിച്ച അദ്ധ്യാപകരെ 1:40 പ്രകാരം സ്കൂളിൽ നിലനിർത്താൻ കഴിയില്ല എന്നതും യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. കുട്ടികളുടെ പഠനത്തിന് തടസ്സം നേരിടുന്ന സ്ഥിതി ഒഴിവാക്കാനാണ് പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിച്ചത്. ഫലത്തിൽ കുട്ടികളുടെ പഠനത്തിന് തടസ്സം സൃഷ്ടിക്കുന്ന സ്ഥിതിയാണ് ഉണ്ടായത്.

എച്ച്.എസ്.എ മലയാളം അദ്ധ്യാപകൻ ശ്രീ.ടി.കെ സുഗതൻ 31.5.2019-ന് വിരമിച്ച ഒഴിവിലും 30.6.2018-ന് എച്ച്.എസ്എ ഹിന്ദി അദ്ധ്യാപിക ശ്രീമതി.പി.എം. ജയശ്രീ വിരമിച്ച ഒഴിവിലും ആണ് സംരക്ഷിത അദ്ധ്യാപകരെ പാലക്കാട് ഡി.ഡി.ഇ പുനർവിന്യസിച്ചത്. മാനേജ്മെന്റ് തർക്കം മൂലം മാനേജർക്ക് അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കാത്തതിന്റെ ഉത്തരവാദിത്വം എന്റെയോ ക്ലാസ്സ് അദ്ധ്യാപകരുടെയോ കുറ്റം കൊണ്ടല്ല.

2019-20 വർഷത്തിലെ തസ്തിക നിർണയ ഉത്തരവിൽ ഭാഷാ അദ്ധ്യാപകർക്ക് നിലനിൽക്കാനുള്ള തസ്തിക അനുവദിച്ചത് ഒറ്റപ്പാലം ഡി.ഇ.ഒ ആണ്. ആ ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിച്ചത് പാലക്കാട് ഡി.ഡി.ഇ ആണ്. ഇതൊന്നും പ്രധാന അദ്ധ്യാപികയായ എന്റെ അധികാര പരിധിയിൽ വരുന്ന ഒന്നല്ല. തസ്തിക പുനഃനിർണ്ണയിക്കുമ്പോൾ 1:40 അനുപാതം നടപ്പിൽ വരുത്തിയിരുന്നെങ്കിൽ ടി അദ്ധ്യാപകർ സ്കൂളിൽ നിലനിന്നിരുന്ന സംരക്ഷിത അദ്ധ്യാപകർക്ക് ഏതൊരു സ്കൂളിൽ ആണെങ്കിലും അല്ലെങ്കിലും ശമ്പളം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അദ്ധ്യാപക ബാങ്കിൽ നിന്നും പുനർവിന്യസിച്ച സംരക്ഷിത അദ്ധ്യാപകർക്ക് ശമ്പളം വാങ്ങി നൽകുന്നത് ഞാനല്ല. അവരുടെ മാതൃ സ്കൂളിൽ നിന്ന് തന്നെയാണ്.

സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമമായ വർദ്ധനവ് ഉണ്ടാക്കുകയോ അതുമൂലം അധിക തസ്തിക സൃഷ്ടിക്കുകയോ അപ്രകാരമുള്ള അധിക തസ്തികയിൽ അദ്ധ്യാപകരെ നിയമിച്ച സർക്കാരിന്റെ ശമ്പളം വാങ്ങികൊടുക്കുകയോ ചെയ്തിട്ടില്ല. തികച്ചും റിട്ടയർമെന്റ് ഒഴിവിലാണ് സ്കൂളിൽ ഈ സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിച്ചിട്ടുള്ളത്.

മാനേജർ നിയമിച്ച അദ്ധ്യാപകർ ആയിരുന്നെങ്കിൽ തസ്തിക പുനർനിർണ്ണയിക്കുമ്പോൾ 1:40 അനുപാതം അവലംബിക്കുകയും അവരെ സ്കൂളിൽ തന്നെ നിലനിർത്തുകയും ചെയ്യുമായിരുന്നു. അപ്പോൾ ശമ്പള ഇനത്തിലെ ഭീമമായ സംഖ്യ (16,39,538 രൂപ) എന്റെ ബാദ്ധ്യത പട്ടികയിൽ വരുമായിരുന്നില്ല. എന്നിട്ടു കൂടി അവർ കൈപ്പറ്റിയ ശമ്പളം മുഴുവൻ പ്രധാനാദ്ധ്യാപികയായ എനിക്കും മറ്റു സഹ അദ്ധ്യാപകർക്കും കൂടി ബാദ്ധ്യത നിശ്ചയിച്ചത് തികച്ചും അനുചിതമാണ്.

2018-19, 2019-20 വർഷത്തിലെ തസ്തിക പുനർനിർണ്ണയ ഉത്തരവ് ഇറക്കിയത് യഥാക്രമം 8.12.2021-നും 12.12.2021-നും ആണ്. ബാദ്ധ്യത നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയത് 17.06.2023-ന് ആണ്. ഞാൻ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം ആണ് മേൽ ഉത്തരവുകൾ എല്ലാം ഇറങ്ങിയിട്ടുള്ളത്.

1:40 അനുപാതം തസ്തിക നിർണ്ണയിച്ചിരുന്നുവെങ്കിൽ ടി അദ്ധ്യാപകരെ നിലനിർത്താമെന്നിരിക്കെ അവരെ സ്കൂളിൽ നിന്ന് റിലീവ് ചെയ്തുകൊണ്ട് കുട്ടികളുടെ പഠനത്തിന് അദ്ധ്യാപകരില്ലാത്ത സ്ഥിതി ഉണ്ടാവുകയും ഉത്തരവ് ഇറങ്ങാൻ വൈകിയതിനാൽ ദീർഘകാലത്തെ അവരുടെ ശമ്പളം ഭീമമായ തുക 16,39,538 രൂപ പ്രധാന അദ്ധ്യാപിക ആയതിന്റെ പേരിൽ എന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും 16,39,538 രൂപ മറ്റു സഹ അദ്ധ്യാപകരിൽ നിന്നും ഈടാക്കുന്നത് നീതി നിഷേധവും മനുഷ്യത്വരഹിതവുമാണ്.

ആയതിനാൽ മേൽ വിവരിച്ച വസ്തുത കണക്കിലെടുത്തും യാഥാർത്ഥ്യം പരിഗണിച്ചും ശമ്പളം തിരിച്ചു പിടിക്കുവാനുള്ള നടപടി റദ്ദാക്കുവാൻ ഉത്തരവാകണമെന്നു സർക്കാർ മുമ്പാകെ അപേക്ഷിക്കുന്നു.

സ്കൂളിലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട് 2020-2021 വരെയുള്ള തുക തിരിച്ചടക്കണം എന്നതാണ് മറ്റൊരു തടസ്സവാദം ആയതു സംബന്ധിച്ച് താഴെ പറയും പ്രകാരം വിശദീകരണം നൽകുന്നു.

പാഠപുസ്തകത്തിന്റെ 2010-2011 മുതൽ 2018-19 വരെയുള്ള കാലയളവിലെ ആഡിറ്റ് നടന്നിരുന്നില്ല. പിന്നീട് 2018-19 വർഷം അതായത് എന്റെ കാലയളവിൽ നടന്നു എന്നതുകൊണ്ട് എനിക്ക് മുമ്പുള്ള കാലയളവിലെ കുടിശ്ശിക കൂടി എന്റെ ബാദ്ധ്യതയായി പാലക്കാട് ഡി.ഡി.ഇ നിശ്ചയിച്ചിരിക്കുകയാണ്. തിരുവനന്തപുരം ടെക്സ്റ്റ് ബുക്ക് ഓഫീസർ നൽകിയ റിപ്പോർട്ടിൽ എന്റെ കാലയളവിൽ യാതൊരു കുടിശ്ശികയും വന്നതായി കാണുന്നില്ല.

എനിക്ക് തൊട്ടുമുമ്പേ വിരമിച്ച പ്രധാന അദ്ധ്യാപികയ്ക്ക് എൻ.എൽ.സി നൽകുമ്പോൾ പാഠപുസ്തകത്തിന്റെ 2010-11 മുതൽ 2018-19 വരെയുള്ള ആഡിറ്റ് നടക്കാത്തതിനാൽ എൻ.എൽ.സി നൽകുന്ന സമയം പാഠപുസ്തകവുമായി ബന്ധപ്പെട്ട് ഭാവിയിൽ കുടിശ്ശിക വരും എന്ന് എനിക്ക് മുൻകൂട്ടി അറിയില്ലായിരുന്നു. എനിക്ക് തൊട്ടുമുമ്പുള്ള പ്രധാനാദ്ധ്യാപികയ്ക്ക് മാത്രമേ ഞാൻ എൻ.എൽ.സി നൽകിയിട്ടുള്ളൂ. പക്ഷേ 2010-11 മുതൽക്കുള്ള കുടിശ്ശിക എന്റെ ബാദ്ധ്യതയായി നിശ്ചയിക്കുകയാണ്. എന്റെ കാലയളവിൽ നടന്നു എന്നതാണ് എന്റെ മേൽ ബാദ്ധ്യത നിശ്ചയിക്കാൻ കാരണം എന്നറിയാൻ കഴിഞ്ഞു. പാഠപുസ്തക ആഡിറ്റ് യഥാസമയം നടക്കാത്തത് എന്റെ കുറ്റമല്ല. സ്കൂളിൽ നിന്നു എനിക്ക് ശേഷം 31.5.2023-ന വിരമിച്ച ശ്രീമതി.കെ.ജി.സുഷമ എന്ന പ്രധാന അദ്ധ്യാപികയ്ക്ക് അവരുടെ കാലയളവ് മാത്രം നിജപ്പെടുത്തി സ്കൂളിൽ നിന്ന് എൻ.എൽ.സി നൽകുകയാണുണ്ടായത് എന്നറിഞ്ഞു. ആ സാഹചര്യത്തിൽ ഞാൻ പ്രധാനാദ്ധ്യാപികയായ കാലയളവിലെ മാത്രം നിജപ്പെടുത്തി എന്നെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

മേൽ വിവരിച്ച വസ്തുതകളും യാഥാർത്ഥ്യങ്ങളും പരിഗണിച്ചുകൊണ്ട് സൂപ്പർ ചെക്ക് സെൽ നിശ്ചയിച്ച ബാദ്ധ്യതയിൽ നിന്നും, പാഠപുസ്തകവുമായി ബന്ധപ്പെട്ട ബാദ്ധ്യതയിൽ നിന്നും എന്നെ ഒഴിവാക്കണം എന്നും നാലു വർഷത്തോളമായി തടഞ്ഞുവെക്കപ്പെട്ടതും അർഹതപ്പെട്ടതുമായ മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും (DCRG) എനിക്ക് ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ഇതിനാൽ അപേക്ഷിക്കുന്നു".

4. സ്കൂൾ ഹെഡ്മാസ്റ്ററുടെ വാദങ്ങൾ താഴെ കൊടുക്കുന്നു.

ശ്രീമതി.സി.സക്കീന തൃത്താല ഡോക്ടർ കെ.ബി മേനോൻ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിലെ പ്രധാനാദ്ധ്യാപികയായി 1.6.2017-ന് ചുമതല ഏൽക്കുകയും 31.3.2021-ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു.

ഉച്ചഭക്ഷണ ബാദ്ധ്യതയായ 7119 രൂപ പാലക്കാട് ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നുള്ള ഓഡിറ്റിൽ കണ്ടെത്തിയിട്ടില്ല. ഒറ്റപ്പാലം വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശാനുസരണം അന്നത്തെ പ്രധാനാദ്ധ്യാപകൻ നൽകിയ 7119 രൂപയുടെ ബാദ്ധ്യതാ പത്രം പുതുക്കി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് അനുസരിച്ച് ഇപ്പോൾ ബാദ്ധ്യത രഹിത പത്രം നൽകുന്നതിന് തയ്യാറാണ്.

സ്കോളർഷിപ്പ്, സൗജന്യ പാഠപുസ്തകം, യൂണിഫോം ഇനത്തിലുള്ള 23245 രൂപ 2018-19, 2019-20 കാലത്തെ സൂപ്പർചെക്ക് സെൽ റിപ്പോർട്ടുമായി ബന്ധപ്പെട്ടതും ആ വിഷയത്തിൽ അപ്പീൽ നടപടികൾ തുടരുന്നതുമാണ്. ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച റിട്ട് അപ്പീൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിലുള്ള അപ്പീൽ

ഹർജി തിരസ്കരിക്കപ്പെടുകയാണെങ്കിൽ അധിക ബാദ്ധ്യത തിരിച്ചടക്കാമെന്ന് സി.സക്കീനയുടെ ബോണ്ട് കണക്കിലെടുത്തുകൊണ്ട് ബാദ്ധ്യത രഹിത പത്രം നൽകുവാൻ തയ്യാറാണ്. ശ്രീമതി.സക്കീന.സി യുടെ വിഷയത്തിൽ ബാദ്ധ്യത മുൻകാലങ്ങളിൽ ഉള്ളതാണെന്നും ഇവരുടെ കാലഘട്ടത്തിൽ യാതൊരു ബാദ്ധ്യതയും ഇല്ല എന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ ഈ വിഷയത്തിലും ബാദ്ധ്യത രഹിത പത്രം നൽകാൻ തയ്യാറാണ്.

2018-19 വർഷത്തെ തസ്തികനിർണ്ണയം ഉത്തരവ് No.B2/2804/2020 തീയതി 8.12.2021 പ്രകാരവും, 2019-20 വർഷത്തെ തസ്തികനിർണ്ണയം ഉത്തരവ് No.B2/46173/2019 തീയതി 12.12.2021 പ്രകാരവും ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ പുനർനിർണ്ണയിച്ചുകൊണ്ട് ഉത്തരവായി.

2018-19 വർഷത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ രണ്ട് തസ്തികയും യു.പി.എസ്.എ വിഭാഗത്തിൽ ഒരു തസ്തികയും കുറവ് വന്നു. എന്നാൽ ടി തസ്തികയിൽ അദ്ധ്യാപകരെ നിയമിക്കപ്പെടാത്തതിനാൽ ആരും തന്നെ പുറത്തു പോകേണ്ടിവന്നില്ല. അതിനാൽ ബാദ്ധ്യത ചുമത്തിയിട്ടില്ല.

2019-20 വർഷത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ രണ്ട് തസ്തികയും യു.പി.എസ്.എ വിഭാഗത്തിൽ ഒരു തസ്തികയും കുറവ് വന്നെങ്കിലും ടി തസ്തികയിൽ അദ്ധ്യാപകരെ നിയമിക്കപ്പെടാത്തതിനാൽ ആരും തന്നെ പുറത്തുപോകേണ്ടി വന്നില്ല. പക്ഷേ ഭാഷാവിഭാഗത്തിൽ ഒരു എച്ച്.എസ്.എ മലയാളം തസ്തികയും ഒരു എച്ച്.എസ്.എ ഹിന്ദി തസ്തികയും 2019-20 വർഷത്തിൽ കുറവ് വന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അന്തിമ ഉത്തരവിൽ തസ്തിക നിർണ്ണയിക്കുന്ന അവസരത്തിൽ അദ്ധ്യാപകരെ നിലനിർത്താൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 അവലംബിക്കാം എന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും 2019-20 വർഷത്തിൽ 1:40 അനുപാതം ഉത്തരവ് ഉണ്ടായിട്ടും ആയത് നടപ്പിൽ വരാതിരിക്കാൻ കാരണമായത് പ്രസ്തുത തസ്തികയിൽ ആരും നിയമിക്കപ്പെടാതിരുന്നതുകൊണ്ടാണ്.

എച്ച്.എസ്.എ മലയാളം അദ്ധ്യാപകൻ ശ്രീ.റ്റി.കെ.സുഗതൻ 31.5.2019-ന് വിരമിച്ച ഒഴിവിലും എച്ച്.എസ്.എ ഹിന്ദി അദ്ധ്യാപിക ശ്രീമതി.പി.എം ജയശ്രീ 30.6.2018-ന് വിരമിച്ച ഒഴിവിലും 2 സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുകയുണ്ടായി.

മറ്റ് വിദ്യാലയങ്ങളിൽ നിന്ന് തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോകേണ്ടി വരുന്ന അദ്ധ്യാപകർ പുനർവിന്യസിക്കപ്പെടുന്നത് സർക്കാർ നയത്തിന്റെ ഭാഗമായും അനുബന്ധ ഉത്തരവുകളുടെ അടിസ്ഥാനത്തിലുമാണ്.

ഇതേ സാഹചര്യത്തിലാണ് ഈ വിദ്യാലയത്തിൽ റിട്ടയർമെന്റ് മൂലം നിലവിൽ വന്ന ഈ തസ്തികകളിലേക്ക് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 2 അദ്ധ്യാപകരെ പുനർവിന്യസിച്ചത്. സൂപ്പർചെക്ക് സെൽ പരിശോധനയിൽ തസ്തികകൾ ഒഴിവാക്കപ്പെടുമ്പോൾ ഈ അദ്ധ്യാപകർ മറ്റ് വിദ്യാലയങ്ങളിലേക്ക് മാറ്റപ്പെടുകയാണ് ചെയ്യുന്നത്. ഇവരുടെ പുനർവിന്യാസവും തിരിച്ചയക്കലും നടപടികൾ ഒന്നും പുനർവിന്യസിക്കപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകരുടെ അധികാര പരിധിയിൽ വരുന്നതല്ല.

ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് അവരുടെ മാതൃവിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകൻ തന്നെയാണ്. വെറും 2 ദിവസത്തെ സന്ദർശനത്തിൽ കണക്കാക്കാൻ കഴിയാത്ത കുട്ടികളുടെ കുറവിനാൽ ഇല്ലാതാവുന്ന തസ്തികകൾ മുൻപ് നികത്തപ്പെട്ടത് ശ്രീമതി.സി.സക്കീനയുടെ ഉത്തരവാദിത്തമായി കണക്കാക്കി സൂപ്പർചെക്ക് സെൽ റിപ്പോർട്ട് ഉത്തരവായി ഇറങ്ങുന്നതുവരെ ഇവരെ നിലനിർത്തിയത് മൂലം ഇവർക്ക് ശമ്പളവും ആനുകൂല്യങ്ങളും ലഭിച്ചു കൊണ്ടിരുന്നതിന്റെ ഉത്തരവാദിത്വം ആരോപിച്ച് ദീർഘ കാലത്തെ അദ്ധ്യാപക സേവനത്തിന് ശേഷം ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യം ഇത്രയും വർഷം നിഷേധിക്കപ്പെടുന്നത് തികച്ചും ഖേദകരമാണ്. അടിയന്തിരമായി ഒഴിവാക്കേണ്ടതാണ് എന്ന് സമക്ഷത്തിൽ അറിയിക്കുന്നു.

5.വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.

പാലക്കാട് തൃത്താല ഡോ.കെ.ബി.മേനോൻ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ 2007 മുതൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതിനാൽ 14.06.2017 തീയതിയിലെ ജി.ഒ.(ആർ ടി) 1878/17 സർക്കാർ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ താൽക്കാലിക മാനേജർ (എക്സ് ഒഫിഷ്യോ) ചുമതല വഹിച്ചു വരുന്ന സ്കൂൾ ആണ്. ഈ സ്കൂളിലെ 2018-19, 2019-20 വർഷ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തുകയും, 2018-19 വർഷത്തെ 69 കൃത്രിമ അഡ്മിഷനും, 2019-20 വർഷത്തിൽ 44 കൃത്രിമ അഡ്മിഷനും ഒഴിവാക്കി തസ്തിക നിർണ്ണയം പുനഃനിർണ്ണയിക്കുവാൻ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ബന്ധപ്പെട്ട തസ്തികയും ഡിവിഷനും റദ്ദ് ചെയ്യുവാനും നിർദ്ദേശിച്ചു. തസ്തിക നിർണ്ണയം റിവൈസ് ചെയ്യുന്നതു മൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത അച്ചടക്ക നടപടിയുടെ ഭാഗമായി തിരിച്ചു പിടിക്കാനും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2021 ലെ എസ്.സി/112/19/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക പുനഃനിർണ്ണയിച്ചതിൽ നഷ്ടമാവുന്ന 3 എച്ച്.എസ്.ടി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരായിരുന്നു ജോലി ചെയ്തിരുന്നത്. എങ്കിലും സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ 20.09.2022 തീയതിയിലെ എസ്.സി/112/19/കെ.ഡിസ് നമ്പർ കത്ത് പ്രകാരം കൃത്രിമ അഡ്മിഷനിലൂടെ സൃഷ്ടിക്കപ്പെട്ട തസ്തികയിൽ നിലനിർത്തിയ അദ്ധ്യാപകർക്ക് നൽകിയ ശമ്പളവും ആനുകൂല്യവും സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യതയാക്കി അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്തതു മൂലം സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത കണക്കാക്കി നൽകുകയും ആയതിനു കാരണക്കാരായ ജീവനക്കാരുടെ വിവരങ്ങൾ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭ്യമാക്കുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.08.2018ലെ എസ്.സി(1)/48103/19/ഡിപിഐ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്കും ക്ലാസ്സ് അദ്ധ്യാപകർക്കും അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാനും ബാധ്യത തുക തിരിച്ചടയ്ക്കാതിരിക്കാനും കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ 15.01.2023 ബി5/10661/20 നമ്പർ ഫയലിൽ നിന്നും മുൻകൂർ നോട്ടീസ്

നൽകിയിരുന്നു.  ആയത് പ്രകാരം ടി സ്കൂളിലെ പ്രധാന അദ്ധ്യാപിക ആയ ശ്രീമതി. സക്കീന സി. യുടെ ബാധ്യത ചുവടെ പരാമർശിച്ച രീതിയിൽ നിർണ്ണയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | നൂൺ മീൽ ഇനത്തിൽ | 7119 |
| 2 | സംരക്ഷിതാദ്ധ്യാപകരുടെ ശമ്പള ഇനത്തിൽ | 1639538 |
| 3 | സ്കോളർഷിപ്പ്, ഫ്രീ ബുക്ക്, യൂണിഫോം | 23245 |
| 4 | ടെക്സ്റ്റ് ബുക്ക് ബാധ്യത | 180309 |
| | ആകെ | 1850211 |

തുടർന്ന് 15.07.2023നു കുടിക്കാഴ്ച നടത്തുകയും ചെയ്തു. കുടിക്കാഴ്ച വേളയിൽ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും ഗവണ്മെന്റ് പ്ലീഡർ നിർദ്ദേശിച്ചതിനനുസരിച്ച് ലെയ്സൺ ഓഫീസർ ഫോൺ മുഖാന്തിരം വിദ്യാഭ്യാസ ഉപഡയറക്ടറെ ബന്ധപ്പെടുകയും ശ്രീമതി നഹീദ, ശ്രീ യാഹൽ ഹമീദ് എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി 22740/23 മേലുള്ള 13.07.2023ലെ കോടതിവിധി പരിശോധിച്ച് കുടിക്കാഴ്ച നടത്തി തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർകക്ഷി ആയ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തദനുസരണം 25.10.2023ലെ സർക്കാർ കത്ത് നം.ബി2/196/23/പൊ.വി.വ പ്രകാരം 30.11.2023ന് കുടിക്കാഴ്ച നടത്താൻ നിശ്ചയിച്ചിരുന്നു. എന്നാൽ പ്രസ്തുത കുടിക്കാഴ്ച നോട്ടീസിനെതിരെ വീണ്ടും WP(C) No. 39547/23 ഫയൽ ചെയ്യുകയും ഈ ഹർജിയിലെ 29.11.2023 ലെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട കോടതി സ്റ്റേ ചെയ്തതിനാൽ പ്രസ്തുത കുടിക്കാഴ്ച നടന്നിരുന്നില്ല.

6. പാഠപുസ്തകവുമായി ബന്ധപ്പെട്ട ബാധ്യത സംബന്ധിച്ച റിപ്പോർട്ട് താഴെ ചേർക്കുന്നു-

പാഠപുസ്തകം നൽകുന്നത് വ്യക്തികൾക്ക് അല്ല, സ്കൂൾ സൊസൈറ്റികൾക്കാണ്. അതിനാൽ തന്നെ പാഠപുസ്തകവുമായി ബന്ധപ്പെട്ട റിപ്പോർട്ട് സൊസൈറ്റികൾക്കാണ് നൽകുന്നത്. പാഠപുസ്തകവുമായി ബന്ധപ്പെട്ട് ഓഡിറ്റ് നടത്തിയെങ്കിലും തുക അടക്കുവാനുള്ള ഉത്തരവാദിത്തം പാഠപുസ്തകത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ 27.10.2023 തീയതിയിൽ പാഠപുസ്തകത്തിന്റെ ബാധ്യതയായി 180309/-രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി സക്കീന 01.06.2017 മുതൽ 31.03.2021 വരെയുള്ള കാലഘട്ടത്തിലാണ് തൂത്താല ഡോ.കെ.ബി.എം.എം.എച്ച്.എസ് ൽ പ്രധാനാധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുള്ളത്.

പാഠപുസ്തക ഓഫീസറുടെ 29.01.2025 തീയതിയിലെ ടിബിഒ/272/2024 നമ്പർ റിപ്പോർട്ട് പ്രകാരം 2010-2011 മുതൽ 2021-2022 കാലഘട്ടം വരെ പാഠപുസ്തകത്തിന്റെ ബാധ്യതയായി 10,63,085/-രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സാമ്പത്തികമായ കാര്യങ്ങളൊന്നും നോക്കാതെയും പാഠപുസ്തകവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും കൈമാറി വാങ്ങാതെയും 15.01.2011 മുതൽ 31.03.2011 വരെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ പി.ടി.മുഹമ്മദ് കുട്ടി എന്ന അധ്യാപകന് 01.04.2011 മുതൽ 31.03.2012 വരെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ കെ.ജയപ്രകാശ് ബാധ്യത രഹിതപത്രം നൽകുകയും, ശ്രീ കെ.ജയപ്രകാശ് എന്ന അധ്യാപകന് 01.04.2012 മുതൽ

30.04.2013 വരെ പ്രധാനാദ്ധ്യാപികയായിരുന്ന ടി.എ.വസന്താദേവി ബാധ്യതരഹിത പത്രം നൽകുകയും, ശ്രീമതി ടി.എ.വസന്താദേവി എന്ന അധ്യാപികയ്ക്ക് 01.05.2013 മുതൽ 31.03.2017 വരെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി എം.കെ.പാർവ്വതി ബാധ്യതരഹിത പത്രം നൽകുകയും, ശ്രീമതി എം.കെ പാർവ്വതി എന്ന അധ്യാപികക്ക് സാമ്പത്തികമായ കാര്യങ്ങളൊന്നും നോക്കാതെയും പാഠപുസ്തകവുമായി ബന്ധപ്പെട്ട രേഖകളൊന്നും കൈമാറി വാങ്ങാതെയും മുൻ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി സക്കീന ടീച്ചർ ബാധ്യതരഹിത പത്രം നൽകുകയും ചെയ്തു.

26.05.2017 മുതൽ 31.05.2017 വരെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ ഇബ്രാഹം കുട്ടി പി -യ്ക്ക് ബാധ്യതരഹിതപത്രം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർ ബാധ്യത നിശ്ചയിച്ച് നൽകിയ തുക നാളിതുവരെ തിരിച്ച് അടക്കുകയോ യാതൊരുവിധത്തിലുള്ള തുടർനടപടികളോ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ബാധ്യത നിശ്ചയിച്ച തുകയും ആയതിന്റെ ഇതുവരെയുള്ള 18% പലിശയും കണക്കാക്കി തുക അടക്കുവാൻ മുൻ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി സക്കീന ബാധ്യസ്ഥയാണ്.

7. പാഠപുസ്തക ഓഫീസറുടെ റിപ്പോർട്ട് താഴെ കൊടുക്കുന്നു.

ഡോ.കെ.ബി മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമ അദ്ധ്യാപികയായിരുന്ന ശ്രീമതി.സക്കീന-യ്ക്ക് പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട പാഠപുസ്തക ഓഫീസറുടെ 29.01.2025 തീയതിയിലെ ടിബിഒ/272/2024 നമ്പർ റിപ്പോർട്ട് പ്രകാരം 2010-2011 മുതൽ 2021-2022 കാലഘട്ടം വരെ പാഠപുസ്തകത്തിന്റെ ബാധ്യതയായി 10,63,085/- രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽ തുക തിരിച്ചടക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ഒരു സൊസൈറ്റിക്കാണ് പാഠപുസ്തക ആഫീസിൽ നിന്ന് ബാധ്യത റിപ്പോർട്ട് നൽകുന്നത്. പാഠപുസ്തകവിതരണവുമായി ബന്ധപ്പെട്ട ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർക്ക ബാദ്ധ്യത നിശ്ചയിച്ച നൽകുന്നത് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയായ വിദ്യാഭ്യാസ ഉപഡയറക്ടർ ആണ്.

പാഠപുസ്തക വിതരണവുമായി ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ സ്ഥലം മാറിപോവുകയോ സർവ്വീസിൽ നിന്ന് വിരമിക്കുകയോ ചെയ്യുമ്പോൾ ബന്ധപ്പെട്ട സാമ്പത്തികപരമായ രേഖകൾ കൈമാറി വാങ്ങാതെ ബാദ്ധ്യത രഹിത പത്രം നൽകുന്ന കീഴ്വഴക്കമാണ് സൊസൈറ്റി തുടർന്ന് വന്നിട്ടുള്ളത് എന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്.

പാഠപുസ്തകവുമായി ബന്ധപ്പെട്ട സാമ്പത്തിക പരമായ രേഖകൾ കൈമാറാതെ ശ്രീമതി.എം.കെ പാർവതി, ശ്രീ.ഇബ്രാഹിം കുട്ടി.പി എന്നീ പെൻഷനായ പ്രഥമാദ്ധ്യാപകർക്ക് ബാദ്ധ്യത പത്രം നൽകിയതായി പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയായ ഡി.ഡി.ഇ യുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നു. 4.2.2017 തീയതിയിൽ പാഠപുസ്തക ആഫീസിൽ നിന്ന് നൽകിയ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 9,10 ക്ലാസ്സുകളിലെ പാഠപുസ്തകത്തിന്റെ വില അതാത് സാമ്പത്തിക വർഷം തന്നെ ട്രഷറിയിൽ ഒടുക്കുന്നതിൽ സൊസൈറ്റിക്ക് വീഴ്ച വന്നതിനാലാണ് 18% പലിശകൂടി ഉൾപ്പെടുത്തി പുതുക്കിയ റിപ്പോർട്ട് നൽകിയിട്ടുള്ളത്.

8. സർക്കാർ ടി വിഷയം നിലവിലുള്ള ചട്ടങ്ങൾ/ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ

വാദം, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി.സക്കീന 1.6.2017 മുതൽ 31.3.2021 വരെയുള്ള കാലഘട്ടത്തിലാണ് ടി സ്കൂളിൽ പ്രധാനാദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുള്ളത്. ഇക്കാലയളവിൽ ശ്രീമതി സക്കീനക്കെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ നിശ്ചയിച്ച നൽകിയിരുന്ന ബാധ്യത തുക മേൽ വിവരിച്ചിരിക്കുന്ന പ്രകാരം ആകെ 1850211 /-രൂപയാണ് . 2018-19,2019-20 വർഷങ്ങളിലെ തൂത്താല ഡോക്ടർ കെ ബി മേനോൻ മെമ്മോറിയൽ ഹൈസ്കൂളിലെ തസ്തികനിർണ്ണയം പുനർനിർണയം നടത്തിയ നടപടി പുനഃപരിശോധിക്കണമെന്നും ഇത് സംബന്ധിച്ച് പ്രധാനാധ്യാപികക്കും മറ്റു അധ്യാപകർക്കും സാമ്പത്തികബാധ്യത തിട്ടപ്പെടുത്തരുതെന്നും അതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടികൾ സ്വീകരിക്കരുതെന്നുമുള്ള ശ്രീമതി സക്കീനയുടെ അപ്പീൽ അപേക്ഷ സർക്കാർ പരിശോധിക്കുകയും ആയതു നിരസിച്ചുകൊണ്ടു പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹു ഹൈക്കോടതി മുമ്പാകെ ശ്രീമതി സക്കീന ഫയൽ ചെയ്തിരിക്കുന്ന WP(C)No.38954/2024യുടെ അടിസ്ഥാനത്തിൽ വിഷയം വീണ്ടും പരിശോധിച്ചു.2019-20-ലെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് 12.12.2021 ലാണ്. 2019-20 വർഷം പുനർവിന്യസിക്കപ്പെട്ട എച്ച്.എസ്.ടി അദ്ധ്യാപകരെ 1:40 അനുപാതത്തിൽ തസ്തിക നിർണ്ണയിച്ചിരുന്നെങ്കിൽ നിലനിർത്താമെന്നിരിക്കെ 16,39,538/- രൂപയുടെ സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും ശ്രീമതി.സക്കീനയെയും സഹാദ്ധ്യാപകരെയും ഒഴിവാക്കാവുന്നതാണ്.

10/9/24 -ലെ പാഠപുസ്തക ഓഫീസർ ടി സ്കൂൾ സൊസൈറ്റി സെക്രട്ടറിക്കു നൽകിയിരിക്കുന്ന കത്ത് പ്രകാരം 2010-11 മുതൽ 2021-22 വരെ പാഠപുസ്തക ബാധ്യതയായി നിശ്ചയിച്ചു നൽകിയിരിക്കുന്നത് 10,37,238/-രൂപയാണ് .എന്നാൽ 29/1/25-ലെ പാഠപുസ്തകഓഫീസറുടെ റിപ്പോർട്ട് പ്രകാരം 2010-11 മുതൽ 2021-22 വരെ പാഠപുസ്തക ബാധ്യതയായി നിശ്ചയിച്ചു നൽകിയിരിക്കുന്നത് 10,63,085/-രൂപയാണെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (7)-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് . ശ്രീമതി സക്കീനക്കു 27/10/23-ൽ വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയിരിക്കുന്ന ബാദ്ധ്യത സർട്ടിഫിക്കറ്റ് പ്രകാരം പാഠപുസ്തക ബാദ്ധ്യതയായി ടിയാൾക്ക് നിശ്ചയിച്ചിരിക്കുന്നത് 1,80,309/- രൂപയാണ്. ഉച്ചഭക്ഷണ ബാദ്ധ്യതയായ 7119 രൂപ പാലക്കാട് ജില്ല വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നുള്ള ഓഡിറ്റിൽ കണ്ടെത്തിയിട്ടില്ല എന്നും സ്കോളർഷിപ്പ്, സൗജന്യ പാഠപുസ്തകം, യൂണിഫോം ഇനത്തിലുള്ള 23245 രൂപ ബാദ്ധ്യത മുൻകാലങ്ങളിൽ ഉള്ളതാണെന്നും ശ്രീമതി സക്കീനയുടെ കാലഘട്ടത്തിൽ യാതൊരു ബാദ്ധ്യതയും ഇല്ലായെന്നുമുള്ള സ്കൂൾ ഹെഡ്മാസ്റ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയവ സംബന്ധിച്ചും പാഠപുസ്തക ബാദ്ധ്യതയുമായി ബന്ധപ്പെട്ടും ശ്രീമതി സക്കീനയുടെ കാലയളവിൽ എന്തെങ്കിലും ബാദ്ധ്യതയുണ്ടെങ്കിൽ ആയത് ടിയാൾ വിരമിച്ച 3 വർഷത്തിനുള്ളിൽ തിട്ടപ്പെടുത്തി അറിയിച്ചിട്ടുള്ള പക്ഷം ടിയാൾക്കു പറയുവാനുള്ളത് ഒരു ന്യായയുക്തമായ അവസരം നൽകി കേട്ടതിനു ശേഷം അത് ഡിസിആർജി-യിൽ നിന്നും ഈടാക്കുന്നതിനു നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്കു നിർദേശം നൽകികൊണ്ട് EXT P10 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട്, തൂത്താല ഡോ.കെ.ബി മേനോൻ മെമ്മോറിയൽ എച്ച്.എസ്.എസ്-ലെ റിട്ട.പ്രഥമാദ്ധ്യാപിക ശ്രീമതി.സി.സക്കീന ഫയൽ ചെയ്ത സൂചന (2) ലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

പാഠപുസ്തക ഓഫീസർ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി.സി.സക്കീന., റിട്ട.പ്രഥമാദ്ധ്യാപിക, ഡോ.കെ.ബി മേനോൻ മെമ്മോറിയൽ എച്ച്.എസ്.എസ്, തൃത്താല, പാലക്കാട്

മാനേജർ,ഡോ.കെ.ബി മേനോൻ മെമ്മോറിയൽ എച്ച്.എസ്.എസ്, തൃത്താല, പാലക്കാട്

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/208/2025-G.EDN, dated : 16/05/2025, 16.01.2026)

ധനകാര്യ (വിദ്യാഭ്യാസ -എ) വകുപ്പ് (3177531/വിദ്യാ എ1/102/2025/ധന തീയതി - 16/08/2025)

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 02-05-2026 11:19:06

സെക്ഷൻ ഓഫീസർ